പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2667

19.03.2015-ലെ മറുപടിയ്ക്ക്

## ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ.എൻ.ജയരാജ്<br>ശ്രീ.എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ് | ശ്രീ.എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ടൂറിസം മേഖലയിൽ 2014-15 സാമ്പത്തിക വർഷം കേന്ദ്ര സഹായത്തോടെ ഏതെല്ലാം പദ്ധതികൾക്ക് തുടക്കം കുറിയ്ക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) 2014-15 സാമ്പത്തിക വർഷം ടൂറിസം മേഖലയിൽ 7 പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിക്കാത്തതിനാൽ പദ്ധതികൾ ഒന്നും തന്നെ തുടങ്ങിയിട്ടില്ല. |
| (ബി) ഇതിൽ ഗ്രാമീണ ടൂറിസം പദ്ധതികളുടെ വിജയത്തിന് ആക്കം കൂട്ടുന്ന തരത്തിൽ കേന്ദ്ര സഹായത്തോടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കാമോ; | (ബി) ഇതിൽ ഗ്രാമീണ ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ ഒന്നും തന്നെ ഇല്ല. |
| (സി) സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളിലേക്കുള്ള റോഡുകളുടെ ശോച്യാവസ്ഥ പരിഹരിച്ച് അടിസ്ഥാനമേഖലയിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതിനാവശ്യമായ നടപടികൾക്ക് 2015-16 സാമ്പത്തിക | (സി) സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളിലേക്കുള്ള റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ് ഏറ്റെടുത്ത് |

| | |
|---|---|
| വർഷത്തിൽ പ്രാമുഖ്യം നല്കുമോയെന്ന് വെളിപ്പെടുത്തുമോ? | നടപ്പിലാക്കുന്നത്. പരിമിതമായ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്ന് ചില ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലേയ്ക്കുള്ള റോഡുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ